**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## പതിനാലാമത് റിപ്പോർട്ട്

(2024 ജൂലൈ 8 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ജനറൽ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

**പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി**
**(2023-2026)**

**പതിനാലാമത് റിപ്പോർട്ട്**

(2024 ജൂലൈ 8 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ജനറൽ റിപ്പോർട്ട്]**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | .. | |
| അനുബന്ധം II. സമിതിയുടെ പരിഗണനയിലുള്ളതും സർക്കാരിൽ നിന്നും മറുപടി/അന്തിമ മറുപടി ലഭിക്കാത്തതുമായ ഹർജി/റിപ്പോർട്ട് വിഷയങ്ങൾ സംബന്ധിച്ച പട്ടിക | .. | |

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-26)

### ഘടന

**ചെയർമാൻ**

ശ്രീ. എ. സി. മൊയ്തീൻ

**അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ട് കാലയളവിൽ സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെ വിശദാംശങ്ങൾ അനുബന്ധം I-ായും സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും മറുപടി/അന്തിമ മറുപടി ലഭിക്കാത്തതുമായ ഹർജി/റിപ്പോർട്ട് വിഷയങ്ങൾ അനുബന്ധം II-ായും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 04 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 8

**എ. സി. മൊയ്തീൻ,**
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

## റിപ്പോർട്ട്

പത്തൊമ്പതാം നൂറ്റാണ്ടിൽ ശക്തിപ്രാപിച്ച പ്രതിഭാസമാണ് കുടിയേറ്റം. പലതരത്തിലുള്ള കുടിയേറ്റങ്ങളുണ്ടെങ്കിലും സാമ്പത്തികമേന്മ കൈവരിക്കണമെന്ന ലക്ഷ്യത്തോടെ സ്വമേധയാ നടത്തുന്നവയാണ് അവയിൽ പ്രധാനം. വ്യവസായ വിപ്ലവത്തോടെ ആവിർഭവിച്ച നൂതനമായ തൊഴിലവസരങ്ങൾ തേടിയുള്ള പ്രവാഹത്തോടെയാണ് ആധുനിക കാലത്തെ കുടിയേറ്റം ശക്തിയാർജ്ജിച്ചത്. തൊഴിലവസരങ്ങളാണ് ആൾക്കാരെ കുടിയേറ്റത്തിന് ആകർഷിക്കുന്ന നിർണ്ണായക ഘടകം. കേരള രൂപീകരണത്തിനുമുമ്പ് തന്നെ സിലോൺ, ബർമ്മ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ കയറ്റുമതിയെന്ന നിലയിലും തൊഴിൽ അന്വേഷണമെന്ന നിലയിലും മലയാളി സഞ്ചാരങ്ങളുണ്ടായിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും കുടിയേറ്റം നടക്കുന്നുണ്ടെങ്കിലും കേരളത്തിൽനിന്നാണ് എറ്റവും കൂടുതൽ ആൾക്കാർ കുടിയേറിക്കൊണ്ടിരിക്കുന്നത്. ആദ്യകാല കുടിയേറ്റക്കാരിലേറെയും നിർമ്മാണ മേഖലയിലെ തൊഴിലാളികളായിരുന്നു. തുടർന്ന് ഗാർഹിക തൊഴിലാളികൾ, നഴ്സുമാർ, സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികൾ, എൻജിനീയർമാർ, ഡോക്ടർമാർ തുടങ്ങിയവരോടൊപ്പം വ്യാപാരികളും ബിസിനസ്സുകാരും രംഗപ്രവേശം ചെയ്തു.

പതിറ്റാണ്ടുകളുടെ പ്രവാസം പ്രാരാബ്ധങ്ങൾക്കിടയിലൂടെ ഒഴുകിയപ്പോൾ തല ചായ്ക്കാനുള്ള കൂര പോലും നിർമ്മിക്കാൻ മറന്നു പോയവരാണ് ബഹു ഭൂരിപക്ഷവും. മണലാരണ്യത്തിലെ അധ്വാനത്തിലൂടെ എത്തുന്ന പണം നാടിന്റെ സമ്പദ്വ്യവസ്ഥയുടെ അടിത്തറയായി നിൽക്കുമ്പോഴും മടക്കയാത്രയിൽ പ്രവാസിക്ക് ലഭിക്കുക പലപ്പോഴും ദുരിതം മാത്രമാണ്. വരാനിരിക്കുന്ന നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളാണ് ഓരോ പ്രവാസിയെയും വർഷങ്ങൾ നീളുന്ന ദുരിതപർവ്വം താണ്ടാൻ കരുത്ത് നൽകുന്നത്.

പ്രവാസി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനും അതിലൂടെ അവരുടെ ക്ഷേമതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മടങ്ങിയെത്തുന്ന അശരണരായ പ്രവാസികളുടെ പുനരധിവാസത്തിനുമായി രൂപം

കൊണ്ട സ്ഥാപനങ്ങളായ നോർക്ക റൂട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവയുടെയും മറ്റ് സ്വകാര്യ ഏജൻസികളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഇവയുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിച്ച് ലക്ഷ്യസാക്ഷാത്കാരത്തിനായി മുന്നേറുന്നതിന് പര്യാപ്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവാസികൾ നേരിടുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും പ്രവാസി മലയാളികളുടെയും പ്രവാസ ജീവിതം മതിയാക്കി നാട്ടിലെത്തിയ മലയാളികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 31.07.2010-ൽ രൂപീകരിച്ച സമിതിയാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

പ്രവാസി മലയാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് സമിതിക്ക് യുക്തമെന്ന് തോന്നുന്നതും സമിതിയുടെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നതും രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ലഭിക്കുന്നതുമായ പരാതിയോ ഹർജിയോ നിവേദനമോ സമിതിയ്ക്ക് പരിശോധിക്കാവുന്നതാണ്. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി, പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേകിച്ചും പുനരധിവാസ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുവാനും അവ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിന് കാലാകാലങ്ങളിൽ സർക്കാരിന് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 180-ാം ചട്ടം അനുസരിച്ച് 16.06.2021-ലെ 42-ാം നമ്പർ ബുള്ളറ്റിൻ(ഭാഗം 2) പ്രകാരം 2021 ജൂൺ 15-ാം തീയതി പതിനഞ്ചാം കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2021-2023) രൂപീകൃതമായി. പ്രസ്തുത സമിതിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 14.12.2023-ലെ 447-ാം നമ്പർ ബുള്ളറ്റിൻ(ഭാഗം 2) പ്രകാരം 2023 ഡിസംബർ 15-ാം തീയതി സമിതി(2023-2026) പുനഃസംഘടിപ്പിച്ചു. ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ. അധ്യക്ഷത വഹിക്കുന്ന സമിതിയിൽ 9 അംഗങ്ങളാണുള്ളത്.

2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ട് കാലയളവിൽ സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ അനുബന്ധം I-ായും സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും മറുപടി/അന്തിമ മറുപടി ലഭിക്കാത്തതുമായ ഹർജി/റിപ്പോർട്ട് വിഷയങ്ങൾ അനുബന്ധം II-ായും ഉൾപ്പെടുത്തിയിരിക്കുന്നു.

**സമിതിയുടെ പ്രവർത്തനങ്ങൾ**

2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പത്തൊൻപത് യോഗങ്ങൾ ചേർന്നു. ഈ യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില 56.14 ശതമാനമായിരുന്നു. അതിൽ മൂന്ന് തെളിവെടുപ്പ് യോഗങ്ങളും ഒരു ജില്ലാ സന്ദർശന യോഗവും ഉൾപ്പെടുന്നു. മറ്റ് യോഗങ്ങൾ സമിതിയുടെ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനും വേണ്ടിയാണ് ചേർന്നിട്ടുള്ളത്.

കോവിഡ് 19-നെ തുടർന്ന് വിദേശ രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച പദ്ധതികളായ NDPREM, നൈപുണ്യ വികസന തുടർസംയോജിത പരിശീലന പരിപാടി, ജോബ് പോർട്ടൽ ആൻഡ് ഓവർസീസ് റിക്രൂട്ട്മെന്റ് പ്രോജക്ട്, നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, മാർക്കറ്റ് റിസേർച്ച്, സ്കില്ലിംഗ് പ്രീ റിക്രൂട്ട്മെന്റ് പോസ്റ്റ് റിക്രൂട്ട്മെന്റ് പദ്ധതി, നോർക്ക പ്രവാസി പുനരധിവാസ ഏകോപന പുനസംയോജന പദ്ധതി, പ്രവാസി സംഘങ്ങൾക്കായുള്ള ധനസഹായം എന്നിവയുടെയും എമർജൻസി റീപാട്രിയേഷൻ സ്കീം & നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീമിന്റെയും പ്രവർത്തനം, നിലവിലെ സ്ഥിതി എന്നിവയും സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി സമിതി 12.07.2023-ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെയും അംഗീകൃത സംഘടനാ പ്രതിനിധികളെയും ഉൾപ്പെടുത്തി

ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു.

പശ്ചിമേഷ്യയിലെ ഇസ്രായേൽ-ഗാസ മേഖലയിലെ സംഘർഷം അവിടെയുള്ള പ്രവാസി മലയാളി സമൂഹത്തെ നേരിട്ട് ബാധിക്കുന്ന വിഷയമായതിനാൽ അക്കാര്യത്തിൽ അടിയന്തരമായി ഇടപെടേണ്ട ആവശ്യകത മുൻനിർത്തിയും അതുപോലെ സമീപ കാലത്ത് ഇന്ത്യ-കാനഡ നയതന്ത്ര ബന്ധത്തിൽ ഉലച്ചിൽ വരുത്തുന്ന സംഭവങ്ങൾ നടക്കുകയുണ്ടായതിന്റെ അടിസ്ഥാനത്തിൽ അത് കാനഡയിലുള്ള മലയാളി വിദ്യാർത്ഥികളെ ബാധിക്കുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സമിതി 18.10.2023-ന് കേരളീയ പ്രവാസികാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും യോഗത്തിൽ സമിതി തീരുമാനം കൈക്കൊണ്ടു.

സംസ്ഥാനത്ത് പ്രവാസികൾ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ സംബന്ധിച്ചും പ്രവാസി സംരംഭകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചും സമിതി കേരളീയ പ്രവാസികാര്യം, തദ്ദേശസ്വയംഭരണം, ആസൂത്രണ സാമ്പത്തികകാര്യം, ധനകാര്യം, വ്യവസായം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും അംഗീകൃത സംഘടനാ പ്രതിനിധികളുമായും 16.11.2023-ന് യോഗം ചേർന്ന് ചർച്ച നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി വകുപ്പുകളിൽ നിന്നും പ്രസ്തുത വിഷയത്തിൽ അധിക വിവരങ്ങൾ ആരായാനും തീരുമാനിക്കുകയുണ്ടായി.

പ്രവാസികൾക്കായി സർക്കാർ ആവിഷ്കരിച്ച വിവിധ പദ്ധതികൾ സംബന്ധിച്ച് പഠനം നടത്താനും വിവിധ ജില്ലകളിലെ പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിന്റെയും ഭാഗമായി സമിതിയുടെ ഒരു യോഗം 06.06.2023-ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗം കേരളീയ പ്രവാസികാര്യ വകുപ്പ്, കേരള പ്രവാസി വെൽഫെയർ ബോർഡ്, നോർക്ക റൂട്ട്സ് എന്നിവ മുഖേന കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അവലോകനം ചെയ്യുകയും പ്രസ്തുത ജില്ലകളിലെ പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി

മലയാളി സംഘടനാ പ്രതിനിധികൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും പരാതികൾ സ്വീകരിക്കുകയും ചെയ്തു.

**<u>റിപ്പോർട്ട് കാലയളവിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ</u>**

| ക്രമ നം. | വിഷയം | സമിതി അംഗീകരിച്ച തീയതി | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | സമിതി(2021-23)യുടെ ആറാമത് റിപ്പോർട്ട് [സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്] | 28.12.2022 | 02.03.2023 |
| 2 | സമിതി(2021-23)യുടെ ഏഴാമത് റിപ്പോർട്ട് - ജനറൽ റിപ്പോർട്ട് [സമിതി 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്] | 23.08.2023 | 11.09.2023 |
| 3 | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ട് [കോഴിക്കോട് ജില്ലയിൽ നോർക്ക വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച്] | 23.08.2023 | 11.09.2023 |

**<u>സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ടതിൽ ഏതാനും ഹർജികളും സമിതി റിപ്പോർട്ടുകളിന്മേലും ഹർജികളിലെ വിവിധ ആവശ്യങ്ങളിന്മേലും അനുകൂല മറുപടി ലഭിച്ചിട്ടുള്ളതുമായവയുടെ വിശദാംശം</u>**

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജൻ സി. കെ., വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നം. 14283/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/ലെജി)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കണമെന്നും ബാങ്ക് കടിശ്ശിക ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.

രാജൻ സി. കെ., വയനാട് 25.01.2021 തീയതിയായി സമിതിയ്ക്ക് ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജി റിപ്പോർട്ടിനായി അയച്ചതിന്മേൽ, ശ്രീ. രാജൻ സി. കെ. കാനറ ബാങ്ക് കൽപ്പറ്റ ശാഖയിൽ നിന്നും ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം, മത്സ്യ കൃഷിക്ക് വായ്പയെടുത്ത 4,00,000/- രൂപയ്ക്ക് മാർജിൻ മണിയായി 1,17,500/- (ഒരു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 31.12.2022-ലെ സ.ഉ.(സാധാ) 5314/2022/റവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് റവന്യൂ(ഡി.ആർ.എഫ്.-സി) വകുപ്പ് 04.02.2023-ലെ 525/ഡി.ആർ.എഫ്.-സി1/2021/റവന്യൂ നമ്പർ കത്ത് മുഖേന അറിയിച്ചിരുന്നു.

സമിതിയുടെ ഇടപെടൽമൂലം ഹർജിക്കാരന്റെ പരാതിയ്ക്ക് പരിഹാരം ഉണ്ടായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

2. ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിനെതിരെ ശ്രീ. സി. അബ്ദുൽ നാസർ, കണ്ണൂർ, ശ്രീ. ഇ. വേണു, പ്രസിഡന്റ്, പ്രവാസി ഫെഡറേഷൻ, കോഴിക്കോട് ജില്ലാ കമ്മിറ്റി എന്നിവർ സമർപ്പിച്ച ഹർജികൾ സംബന്ധിച്ച്

(ഫയൽ നം. 20421/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി)
(ഫയൽ നം. 10051/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി)

പ്രവാസി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക്, അവർ പെൻഷന് അപേക്ഷ നൽകി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് വെയ്ക്കുന്ന മാസം മുതൽക്കേ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂ എന്നുള്ള ധനകാര്യ വകുപ്പിന്റെ 28.04.2022-ലെ സ.ഉ.(കൈ)നം.68/2022/ധന നമ്പർ സർക്കാർ ഉത്തരവിനെതിരെ ശ്രീ. സി. അബ്ദുൽ നാസർ, കണ്ണൂർ 15.11.2022-ന് സമിതിയ്ക്ക് ഹർജി സമർപ്പിച്ചിരുന്നു. സമാനവിഷയം ശ്രീ. ഇ. വേണു, പ്രസിഡന്റ്, പ്രവാസി ഫെഡറേഷൻ, കോഴിക്കോട് ജില്ലാ കമ്മിറ്റിയിൽ നിന്നും 02.06.2022 തീയതിയായി സമിതിയ്ക്ക് ലഭിച്ച ഹർജിയിലും

ഉന്നയിക്കപ്പെട്ടിരുന്നു. പ്രസ്തുത ഹർജികളിന്മേൽ സമിതി ധനകാര്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഹർജി ആവശ്യം സർക്കാർ പരിശോധിക്കുകയും ക്ഷേമനിധി ബോർഡ് പെൻഷൻ സംബന്ധിച്ച 28.04.2022-ലെ പ്രസ്തുത ഉത്തരവ് താൽകാലികമായി മരവിപ്പിച്ചുകൊണ്ട് 06.01.2023-ലെ സ.ഉ.(കൈ)നം.06/2023/ധനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയും തുടർന്ന് പ്രസ്തുത ഉത്തരവുകൾ ഭേദഗതി വരുത്തിക്കൊണ്ട് 09.10.2023-ൽ സ.ഉ.(കൈ)നം.150/2023/ധനം ഉത്തരവ് പ്രകാരം വിവിധ ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കളായ എല്ലാപേരുടെ കാര്യത്തിലും 28.04.2022-ന് മുൻപ് അതാത് ബോർഡുകളുടെ നിയമാവലി പ്രകാരം പെൻഷൻ അനുവദിച്ചിരുന്ന രീതി തുടരാവുന്നതാണെന്ന് സ്പഷ്ടീകരണം നല്കിയിട്ടുണ്ടെന്നുമുള്ള വിവരം ധനകാര്യ(എസ്.എഫ്.സി.-ബി) വകുപ്പ് 12.01.2023-ൽ അറിയിച്ചിട്ടുണ്ട്.

3. സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശുഭ ഐ.ടി., കോഴിക്കോട് സമർപ്പിച്ച ഹർജി.
(ഫയൽ നം. 10062/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെ.ജി.)

20 വർഷത്തിലധികം വിവിധ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്ത് വന്നിരുന്ന ഹർജിക്കാരിയുടെ ഭർത്താവ്, കോവിഡ് മഹാമാരിയെ തുടർന്ന് നാട്ടിൽ തിരിച്ചെത്തി കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തി വരവേ ഹൃദയാഘാതത്താൽ മരണമടഞ്ഞെന്നും ഇതേ തുടർന്ന് ജീവിക്കാൻ മാർഗ്ഗമില്ലാതായെന്നും ആയതിനാൽ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് ശ്രീമതി ശുഭ ഐ.ടി. 02.06.2022 തീയതിയായ സമിതിയ്ക്ക് ഹർജി സമർപ്പിച്ചത്, ഹർജിയിന്മേൽ കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 20.06.2023-ലെ ബി2/513/2022-നോർക്ക നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ സാന്ത്വന പദ്ധതി പ്രകാരം അനുവദനീയമായ പരമാവധി തുകയായ ഒരു ലക്ഷം രൂപ ഹർജിക്കാരിക്ക് മരണാനന്തര ധനസഹായമായി അനുവദിക്കുകയും ടി തുക 30.03.2023 ന് അപേക്ഷകയ്ക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

സമിതിയുടെ ഇടപെടൽ മൂലം ഹർജിക്കാരിയുടെ പരാതിക്ക് പരിഹാരം ഉണ്ടായതിൽ സമിതിയ്ക്ക് ചാരിതാർത്ഥ്യമുണ്ട്.

4. പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഇ. വേണു, പ്രസിഡന്റ്, പ്രവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 10051/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി.)

പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പ്രവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. ഇ. വേണു സമർപ്പിച്ച ഹർജിയിലെ ക്രമ നം. 9-ാമതായി ഉൾക്കൊള്ളിച്ചിരുന്ന 'നിസാര കാരണങ്ങളാൽ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ അടയ്ക്കപ്പെട്ടവരെ എംബസി മുഖേന നാട്ടിലെത്തിക്കുന്നതിന് സഹായം ലഭ്യമാക്കണമെന്ന് ആവശ്യത്തിന്മേൽ കേരളീയ പ്രവാസികാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി നിസാര കാരണങ്ങളാൽ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ അടയ്ക്കപ്പെട്ടവരെ എംബസി മുഖേന നാട്ടിലെത്തിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ അവർക്ക് അടിയന്തര നിയമസഹായം ലഭ്യമാക്കുന്നതിനായി ലീഗൽ ലെയ്സണിങ് ഓഫീസറായി ഒരു മലയാളി അഭിഭാഷകന്റെ സേവനം ലഭ്യമാക്കണമെന്നും ജലിലിലടക്കപ്പെട്ടവരെ എത്രയുംവേഗം നാട്ടിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരത്തിന്മേൽ കേരളീയ പ്രവാസികാര്യ വകുപ്പ് 16.05.2023 -ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തങ്ങളുടേതല്ലാത്ത ചെറിയ കുറ്റകൃത്യങ്ങൾ കാരണം വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകുന്നതിനുള്ള പദ്ധതിയായ പ്രവാസി നിയമസഹായ സെൽ (PLAC) പദ്ധതി പ്രകാരം കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾക്കായി അറബിഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള അഭിഭാഷകരുടെ സൗജന്യസേവനം ലഭ്യമാക്കുന്നതാണെന്നും പ്രസ്തുത പദ്ധതിയിൻകീഴിൽ ലഭിച്ച 190 അപേക്ഷകളിന്മേൽ 98 എണ്ണത്തിന് പരിഹാരം കണ്ടിട്ടുണ്ടെന്നും പദ്ധതി കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി പ്രവാസി മലയാളികൾ കൂടുതൽ ഉള്ള മേഖലകളിൽ പുതിയ ലീഗൽ കൺസൾട്ടന്റുമാരെ നിയോഗിക്കുന്നതിനൊപ്പം യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ തദ്ദേശീയ നിയമസ്ഥാപനങ്ങളെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതിയെ അറിയിച്ചിട്ടുണ്ട്.

5. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്

(ഫയൽ നം. 12812/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2014/ലെജി)

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക(25)-ലെ 'കേരളത്തിലെ സർവ്വകലാശാലകളിൽ ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സീറ്റ് സംവരണം ചെയ്യണം' എന്ന ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ് 25.05.2022 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതിയുടെ ആവശ്യം നിരാകരിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചുവെന്ന് കുസാറ്റ് റിപ്പോർട്ട് ചെയ്തതായി അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് 19.10.2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും കുസാറ്റിനോട് സൂപ്പർന്യൂമററിയായി സീറ്റുകൾ വർദ്ധിപ്പിച്ച് സംവരണം ചെയ്യുന്ന വിഷയം വീണ്ടും പരിഗണിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത അധിക വിവരത്തിന്മേൽ ഉന്നത വിദ്യാഭ്യാസ(ഇ) വകുപ്പ് 27.04.2023-ലെ ഇ 2/53/2022/ഉ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത വിഷയം പുനഃപരിശോധിക്കുകയും കുസാറ്റിലെ എല്ലാ യു.ജി., ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഒരു സീറ്റ് സൂപ്പർന്യൂമറി ആയി മാറ്റി വയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.

സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം കുസാറ്റിലെ എല്ലാ യു.ജി., ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഒരു സീറ്റ് സൂപ്പർന്യൂമറി ആയി മാറ്റി വയ്ക്കുവാൻ തീരുമാനമായതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

6. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശ സ്വീകരിച്ച നടപടി സംബന്ധിച്ച്.

(ഫയൽ നം. 7016/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി)

'വിദേശത്ത് പോകുന്നവരുടെയും മടങ്ങിയെത്തുന്നവരുടെയും വിവരങ്ങളും അവരുടെ തൊഴിൽ വൈദഗ്ധ്യം സംബന്ധിച്ച വിശദാംശങ്ങളും ശേഖരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ പദ്ധതി ആവിഷ്കരിക്കണം' എന്ന് സമിതി (2021-23) യുടെ നാലാമത് റിപ്പോർട്ടിൽ സമിതി ശിപാർശ നൽകിയിരുന്നു. 2023-24 വാർഷിക പദ്ധതിയിലും വരും വർഷങ്ങളിലുമായി ജില്ലയിലെ പ്രവാസികളുടെ വിവര ശേഖരണം എന്ന പേരിൽ പ്രോജക്ട് രൂപപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായ അനുകൂല മറുപടിയാണ് 27.10.2023-ലെ 36/ഇപിഎ 1/2023-തസ്വഭവ നമ്പർ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പിൽ നിന്നും ലഭിച്ചത്.

തിരുവനന്തപുരം,
2024 ജൂലൈ 04

**എ. സി. മൊയ്തീൻ,**
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി*

## അനുബന്ധം I

### ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നം. | വിഷയം | ഫയൽ നം. |
|---|---|---|
| 1. | ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. മുസ്തഫ ചരുവിൽ, കോഴിക്കോട് സമർപ്പിച്ച ഹർജി | 23166/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2016/ലെജി |
| 2. | ഗതാഗത സൗകര്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ. വി. ആചാരി, ബാംഗ്ലൂർ സമർപ്പിച്ച ഹർജി | 23465/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017/ലെജി |
| 3. | വിവിധ ക്ഷേമ പദ്ധതികൾ ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. പവിത്രൻ, സാക്കിനാക്ക മലയാളി സമാജം, മുംബൈ സമർപ്പിച്ച ഹർജി | 23472/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017/ലെജി |
| 4. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ജി. പ്രദീഷ് കുമാർ, മലയാളി വെൽഫെയർ അസോസിയേഷൻ, ചെന്നൈ സമർപ്പിച്ച ഹർജി | 20592/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2018/ലെജി |
| 5. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഷാജി എസ്., പത്തനംതിട്ട സമർപ്പിച്ച ഹർജി | 24105/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2018/ലെജി |
| 6. | ഭർത്താവിന്റെ മരണാനന്തര ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രാധാമണി, പത്തനംതിട്ട സമർപ്പിച്ച ഹർജി | 24107/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2018/ലെജി |
| 7. | ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. പ്രസാദ്, തൃശ്ശൂർ സമർപ്പിച്ച ഹർജി | 24734/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2018/ലെജി |
| 8. | ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കാഞ്ഞിരങ്ങാടൻ പത്മനാഭൻ, കണ്ണൂർ സമർപ്പിച്ച ഹർജി | 26833/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2018/ലെജി |
| 9. | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജൻ സി. കെ., വയനാട് സമർപ്പിച്ച ഹർജി | 14283/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/ലെജി |
| 10. | പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ധനസഹായങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സാമുവൽ പി. വി., വയനാട് സമർപ്പിച്ച ഹർജി | 14287/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/ലെജി |
| 11. | സാന്ത്വന ചികിത്സാ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അബ്ദുൾ അസീസ്, വയനാട് സമർപ്പിച്ച ഹർജി | 14289/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/ലെജി |
| 12. | ചികിത്സാ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. സലീം, വയനാട് സമർപ്പിച്ച ഹർജി | 14291/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/ലെജി |

| | | |
|---|---|---|
| 13. | സർക്കാരിൽനിന്നും ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റഷീദ മുഹമ്മദ്, വയനാട് സമർപ്പിച്ച ഹർജി | 14293/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 14. | കൃഷി ചെയ്യുന്നതിനും ചികിത്സയ്ക്കും ധനസഹായം ആവശ്യപ്പെട്ട് ശ്രീ. അജിത് കുമാർ, വയനാട് സമർപ്പിച്ച ഹർജി | 14295/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 15. | ഹൃദ്രോഗ ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഉസ്മാൻ, വയനാട് സമർപ്പിച്ച ഹർജി | 14297/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 16. | കൽപ്പറ്റയിലെ നോർക്ക ഓഫീസുമായി ആശയവിനിമയം നടത്തുന്നതിന് ആ ഓഫീസുമായി ബന്ധപ്പെട്ട ഒരു വാട്സാപ്പ് നമ്പർ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഗിരീഷ് ദേവദാസ്, വയനാട് സമർപ്പിച്ച ഹർജി | 14452/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 17. | സമിതി(2019-21)യുടെ എട്ടാമത് റിപ്പോർട്ട്- തുടർനടപടി സംബന്ധിച്ച് | 19300/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 18. | വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരെ അവർ താമസിക്കുന്ന സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധീർ കുമാർ, പ്രസിഡന്റ്, വിശ്വകർമ്മ സുധർമ സംഘടന, ഭിലായ് സമർപ്പിച്ച ഹർജി | 21526/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 19. | പ്രതിവാര സർവ്വീസ് നടത്തിവരുന്ന വിവേക് എക്സ്പ്രസ്സ് പ്രതിദിന സർവ്വീസാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റ്റി. രവീന്ദ്രൻ, ജനറൽ സെക്രട്ടറി, തളിപ്പറമ്പ് സംഘം, കൊൽക്കത്ത സമർപ്പിച്ച ഹർജി | 21528/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2019/ലെജി |
| 20. | നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ബീന സജീവ്, കളമശ്ശേരി സമർപ്പിച്ച ഹർജി | 21016/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2021/ലെജി |
| 21. | സമിതിയുടെ 03.02.2022-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് | 794/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2022/ലെജി |
| 22. | സമിതിയുടെ 24.03.2022-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് | 4759/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2022/ലെജി |
| 23. | സമിതിയുടെ 19.05.2022-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് | 7838/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2022/ലെജി |
| 24. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. സി. ടി. അബ്ദുള്ളക്കുട്ടി, മലപ്പുറം സമർപ്പിച്ച ഹർജി | 10052/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2022/ലെജി |
| 25. | പ്രവാസി ക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അബു കെ. സി., കോഴിക്കോട് സമർപ്പിച്ച ഹർജി | 10061/എൻ.ആർ.കെ.ഡബ്ല്യു.സി1/ 2022/ലെജി |

| | | |
|---|---|---|
| 26. | പാസ്സ്പോർട്ട് കേസിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അസീസ് കെ. കെ., വയനാട് സമർപ്പിച്ച ഹർജി | 10063/എൻ.ആർ.കെ.ഡബ്ല്യൂ.സി1/ 2022/ലെജി |
| 27. | നഷ്ട പരിഹാരം ആവശ്യപ്പെട്ട് ശ്രീ. ഷുക്കൂർ നല്ലളം സമർപ്പിച്ച ഹർജി | 10127/എൻ.ആർ.കെ.ഡബ്ല്യൂ.സി1/ 2022/ലെജി |
| 28. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. അബ്ദുൾ ഖാദർ ടി. പി. സമർപ്പിച്ച ഹർജി | 18715/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2013/ലെജി |
| 29. | സമിതി (2011-14) യുടെ അഞ്ചാമത് റിപ്പോർട്ട് - തുടർനടപടികൾ സംബന്ധിച്ച് | 13141/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2014/ലെജി |
| 30. | മരണാനന്തര ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷെർലി പി. ജോൺ കോട്ടയം സമർപ്പിച്ച ഹർജി | 14524/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2017/ലെജി |
| 31. | മകന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണ-മെന്നാവശ്യപ്പെട്ട് ശ്രീ. ഹരിദാസ്, കോട്ടയം സമർപ്പിച്ച ഹർജി | 14526/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2017/ലെജി |
| 32. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. കെ. രാജേന്ദ്രൻ, കാസർഗോഡ് സമർപ്പിച്ച ഹർജി | 15797/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2017/ലെജി |
| 33. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. രാജു പള്ളിക്കര കാസർഗോഡ് സമർപ്പിച്ച ഹർജി | 15799/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2017/ലെജി |
| 34. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഉമർ വിളക്കോട്, വൈസ് പ്രസിഡന്റ്, കേരള പ്രവാസി ലീഗ്, കണ്ണൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി | 26836/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2018/ലെജി |
| 35. | വീടിന്റെ ആഡംബരനികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. പി. ഹംസ, കണ്ണൂർ സമർപ്പിച്ച ഹർജി | 26837/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2018/ലെജി |
| 36. | പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. ഭാസ്കരൻ, വയനാട് സമർപ്പിച്ച ഹർജി | 14425/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2019/ലെജി |
| 37. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹസനുൽ ബന്ന, സെക്രട്ടറി, പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജി | 14448/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2019/ലെജി |
| 38. | ജോലി വാഗ്ദാനം ചെയ്ത് വാങ്ങിയ തുക തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. നിധീഷ് ചന്ദ്രൻ, ശ്രീ. വിജേഷ് വിജയൻ എന്നിവർ സമർപ്പിച്ച ഹർജി | 14451/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2019/ലെജി |
| 39. | കേരള പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ അനുവദിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. അസീസ് കോടാലി, വയനാട് സമർപ്പിച്ച ഹർജി | 14521/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2019/ലെജി |
| 40. | ഭർത്താവിനെ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സാബിറ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 19711/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2019/ലെജി |

| | | |
|---|---|---|
| 41. | ചണ്ഡീഗഢ് മുതൽ കേരളം വരെ വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോസഫ് കെ. സി. പഞ്ചാബ് സമർപ്പിച്ച ഹർജി | 14960/എൻ.ആർ.കെ.ഡബ്ല്യൂ.സി2/ 2022/ലെജി |

## അനുബന്ധം II

## സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും മറുപടി/അന്തിമ മറുപടി ലഭിക്കാത്തതുമായ ഹർജി/റിപ്പോർട്ട് വിഷയങ്ങൾ സംബന്ധിച്ച പട്ടിക

### കേരളീയ പ്രവാസികാര്യ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2023-26)യുടെ ഒൻപതാമത് റിപ്പോർട്ട് [സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]- തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 7020/എൻ.ആർ.കെ.ഡബ്ല്യു.സി1/2024/ലെജി) | ബി2/350/2023-നോർക്ക തീയതി 08.11.2023 |
| 2. | പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. എസ്. ഹുസൈൻ തങ്ങൾ, കേരള പ്രവാസി ലീഗ്, തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി (ഫയൽ നം. 20878/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/ലെജി) | ബി2/427/2017-നോർക്ക തീയതി 25.08.2021 |
| 3. | സമിതി(2019-21)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 16758/എൻ.ആർ.കെ.ഡബ്ല്യു.സി1/2020/ലെജി) | ബി2/282/2021-നോർക്ക തീയതി 28.09.2021 |
| 4. | സമിതി(2019-21)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 12409/എൻ.ആർ.കെ.ഡബ്ല്യു.സി1/2021/ലെജി) | ബി2/350/2019/നോർക്ക തീയതി 27.09.2019 |
| 5. | സമിതി(2021-23)യുടെ 15.12.2021-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 19508/എൻ.ആർ.കെ.ഡബ്ല്യു.സി1/2021/ലെജി) | എ 2/336/2021/നോർക്ക തീയതി 14.06.2022 |
| 6. | ബിസിനസ് പങ്കാളിയെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രതി, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നം. 21765/എൻ.ആർ.കെ.ഡബ്ല്യു.സി1/2021/ലെജി) | എ 3/602/2021/നോർക്ക തീയതി 30.01.2024 |
| 7. | ദുബായിൽ ജയിലിൽ കഴിയുന്ന മകന് നീതി ലഭിക്കുന്നതിനുവേണ്ട സഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി നബീസ, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നം. 3468/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | എ 3/199/2022/നോർക്ക തീയതി 20.09.2023 |
| 8. | ഭർത്താവിന്റെ മോചനത്തിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഫാത്തിമ്മത്ത് സുമാനിഷാന ടി. എം., കാസർഗോഡ് സമർപ്പിച്ച പുനഃഹർജി (ഫയൽ നം. 3470/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | എ 3/167/2022/നോർക്ക തീയതി 06.11.2023 |

| | | |
|---|---|---|
| 9. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി (ഫയൽ നം. 10055/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | |
| 10. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. മൊയ്തീൻ കോയ എം. പി., മെമ്പർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഹർജി (ഫയൽ നം. 10058/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | എ 2/263/2022/നോർക്ക തീയതി 03.05.2023 |
| 11. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ന്യൂഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം. 14973/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | ബി1/203/2023-നോർക്ക തീയതി 08.05.2024 |
| 12. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യു.സി1/2023/ലെജി) | ബി1/352/2023-നോർക്ക തീയതി 12.02.2024 |
| 13. | സമിതി(2021-23)യുടെ 16.11.2023-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 17399/എൻ.ആർ.കെ.ഡബ്ല്യു.സി1/2023/ലെജി) | |
| 14. | പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് കേരള പ്രവാസി വെൽഫയർ ഫോറം കേരള സമർപ്പിച്ച ഹർജി (ഫയൽ നം. 20049/എൻ.ആർ.കെ.ഡബ്ല്യു.സി2/2017/ലെജി) | എ 2/115/2023/നോർക്ക തീയതി 06.06.2023 |
| 15. | സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ടിലെ (മറുനാടൻ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്) തുടർ നടപടി സംബന്ധിച്ച് (ഫയൽ നം. 20344/എൻ.ആർ.കെ.ഡബ്ല്യു.സി2/2018/ലെജി) | ബി1/191/2023/നോർക്ക തീയതി 28.02.2024 |
| 16. | ഭവന വായ്പയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി എം.എം. ലീല, വയനാട് സമർപ്പിച്ച ഹർജി (ഫയൽ നം. 14427/എൻ.ആർ.കെ.ഡബ്ല്യു.സി2/2019/ലെജി) | |
| 17. | സമിതിയുടെ 28.12.2021-ലെ യോഗം സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 20424/എൻ.ആർ.കെ.ഡബ്ല്യു.സി2/2021/ലെജി) | ബി2/161/2022/നോർക്ക തീയതി 06.05.2022 |
| 18. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. അബ്ദുൾ മനാഫ്, ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി റിട്ടേണീസ് അസോസിയേഷൻ, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നം. 10020/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | ബി2/447/2022/നോർക്ക തീയതി 14.11.2022 |
| 19. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഇ. വേണു, പ്രസിഡന്റ്, പ്രവാസി ഫെഡറേഷൻ ജില്ലാ കമ്മിറ്റി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നം. 10051/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | എ 1/394/2022-നോർക്ക തീയതി 16.05.2023 |
| 20. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഗുലാം ഹുസൈൻ, ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി വെൽഫെയർ | ബി2/46/2022-നോർക്ക തീയതി 23.06.2023 |

| | | |
|---|---|---|
| | സൊസൈറ്റി, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നം. 10056/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | |
| 21. | സ്പോൺസറുടെ കൈയ്യിൽ നിന്ന് പാസ്പോർട്ട് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അഹമ്മദ് കബീർ, മലപ്പുറം സമർപ്പിച്ച ഹർജി (ഫയൽ നം. 10060/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | എ 3/416/2022-നോർക്ക തീയതി 03.11.2022 |
| 22. | ബാങ്ക് ലോൺ അനുവദിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ഐ. സിദ്ധാർത്ഥൻ, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫ. നം. 10124/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി.) | എ 2/248/2022-നോർക്ക തീയതി 19.10.2023 |
| 23. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സലീം റാവുത്തർ, പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫയൽ നം. 10350/എൻ.ആർ.കെ.ഡബ്ല്യു.സി2/2023/ലെജി) | ബി3/441/2018/നോർക്ക തീയതി 02.08.2021 |
| 24. | സമിതി(2021-23)യുടെ ഏഴാമത് റിപ്പോർട്ടിലെ (01.01.2022 മുതൽ 31.12.2023 വരെ പരിഗണിച്ച ഹർജികൾ) തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യു.സി2/2023/ലെജി) | ബി1/7/2024-നോർക്ക തീയതി 06.03.2024 |
| 25. | സമിതി(2023-26)യുടെ പത്താമത് റിപ്പോർട്ടിലെ(പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യത്തിൽ പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, കാനഡയിലെ മലയാളികളായ വിദ്യാർത്ഥികൾ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച്) തുടർനടപടി സംബന്ധിച്ച് (ഫയൽ നം.9466/എൻ.ആർ.കെ.ഡബ്ല്യു.സി2/2024/ലെജി) | ബി1/273/2023-നോർക്ക തീയതി 23.04.2024 |

**<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>**

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2019-21)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 14572/എൻ.ആർ.കെ.ഡബ്ല്യു.സി1/2021/ലെജി) | ഡി.ഡി.3/25/2022/LSGD തീയതി 14.02.2023 |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. മൊയ്തീൻ കോയ എം. പി., മെമ്പർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഹർജി (ഫയൽ നം. 10058/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | EPA1/54/2023-LSGD തീയതി 06.05.2023 |
| 3. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യു.സി1/2023/ലെജി) | ഐ.എ 1/68/2024-തസ്വഭവ തീയതി 21.03.2024 ഡി.എ 3/49/2024-തസ്വഭവ തീയതി 29.02.2024 |
| 4. | സമിതി(2021-23)യുടെ 16.11.2023-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 17399/എൻ.ആർ.കെ.ഡബ്ല്യു.സി1/2023/ലെജി) | |

| | | |
|---|---|---|
| 5. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹനീഫ മൂന്നിയൂർ, പ്രസിഡന്റ്, പ്രവാസി ലീഗ്, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നം. 18944/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | ഡി.എ 3/38/2024/തസ്വഭവ തീയതി 18.03.2024 |
| 6. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. നിസാർ നൂർ മഹൽ, പ്രസിഡന്റ്, കേരള പ്രവാസി ലീഗ്, ജില്ലാ കമ്മിറ്റി, പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫയൽ നം. 24108/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/ലെജി) | |
| 7. | സമിതിയുടെ 28.12.2021-ലെ യോഗം സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 20424/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2021/ലെജി) | പി.എസ്/391/2022/തസ്വഭവ തീയതി 28.03.2023 |
| 8. | വിദേശ രാജ്യങ്ങളിൽ നടക്കുന്ന മലയാളി വിവാഹങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. സത്താർ വടക്കുംമ്പാട്, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽ നം. 984/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | ആർ.സി3/43/2022 തീയതി 25.03.2022 |
| 9. | സമിതി(2021-23)യുടെ നാലാമത് റിപ്പോർട്ടിലെ (2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 7016/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | |
| 10. | സമിതി (2021-23)യുടെ ഏഴാമത് റിപ്പോർട്ട് 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്. (ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/ലെജി) | ഡി.എ 3/28/2024-തസ്വഭവ തീയതി 18.03.2024 |

<u>ഗതാഗത വകുപ്പ്</u>

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | ജയ്പൂർ - തിരുവനന്തപുരം/കന്യാകുമാരി സൂപ്പർഫാസ്റ്റ് ട്രെയിൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് കേരള സമാജം സൊസൈറ്റി, ജയ്പൂർ സമർപ്പിച്ച ഹർജി (ഫയൽ നം. 14956/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | E1/24/2023-TRANS തീയതി 19.08.2023 |
| 2. | അമൃതസർ-കൊച്ചുവേളി എക്സ്പ്രസ്സ് ട്രെയിനിന്റെ റൂട്ടിൽ ചണ്ഡീഗഡിനെ കൂടി ബന്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മലയാളി സമാജം, മൊഹാലി സമർപ്പിച്ച ഹർജി (ഫയൽ നം. 14959/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | ഇ 1/163/2023/ഗതാ തീയതി 30.03.2023 |
| 3. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 4. | സമിതി (2019-21)യുടെ പതിനൊന്നാമത് റിപ്പോർട്ട് - തുടർനടപടി | 51/ട്രാൻസ്/ഡി2/2023 |

| | | |
|---|---|---|
| | സംബന്ധിച്ച്<br>(ഫയൽ നം. 16100/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2020/ലെജി) | തീയതി 15.07.2021 |
| 5. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നായർ സർവ്വീസ് സൊസൈറ്റി, ജയ്പൂർ, രാജസ്ഥാൻ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14921/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | TRAEI/62/2022/ട്രാൻസ്<br>തീയതി 15.11.2022 |
| 6. | അകം പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. പി.കെ. സജീവ്, ജയ്പൂർ, കേരള സമാജം സെക്രട്ടറി, രാജസ്ഥാൻ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14958/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | TRAEI/5/2022/ട്രാൻസ്<br>തീയതി 28.09.2022 |

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റസാഖ് പാലേരി, പ്രസിഡന്റ് പ്രവാസി വെൽഫെയർ ഫോറം സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10049/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10055/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | |
| 3. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 4. | സമിതി(2021-23)യുടെ നാലാമത് റിപ്പോർട്ട് (ജനറൽ റിപ്പോർട്ട്) 2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്<br>(ഫയൽ നം. 7016/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | കെ1/245/2023/ഉവിവ<br>തീയതി 01.11.2023 |
| 5. | ഡൽഹിയിൽ വിദ്യാർത്ഥി ഹെൽപ്പ് ഡസ്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.കെ. മുഹമ്മദ് ഹലീം, ജനറൽ സെക്രട്ടറി, കെ.എം.സി.സി., ഡൽഹി സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14972/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | |
| 6. | സമിതി(2021-23)യുടെ ഏഴാമത് റിപ്പോർട്ടിലെ (2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ) തുടർ നടപടി സംബന്ധിച്ച്.<br>(ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/ലെജി) | |
| 7. | സമിതി(2023-26)യുടെ പത്താമത് റിപ്പോർട്ടിലെ(പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യത്തിൽ പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, കാനഡയിലെ മലയാളികളായ വിദ്യാർത്ഥികൾ | ബി1/184/2024-ഉ.വി.വ.<br>തീയതി 18.04.2024. |

| | | |
|---|---|---|
| | വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച്) തുടർനടപടി സംബന്ധിച്ച് (ഫയൽ നം.9466/എൻ.ആർ.കെ.ഡബ്ല്യു.സി2/2024/ലെജി) | |

## സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നം. 12812/എൻ.ആർ.കെ.ഡബ്ല്യു.സി1/2014/ലെജി) | എ 2/163/2017-സാം.കാ.വ. തീയതി 13.06.2023 |
| 2. | മുംബൈ മലയാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, ചെയർമാൻ, മുംബൈ മലയാളി സംയുക്ത സമിതി സമർപ്പിച്ച ഹർജി (ഫയൽ നം. 20819/എൻ.ആർ.കെ.ഡബ്ല്യു.സി1/2016/ലെജി) | സി1/50/2017-സാം.കാ.വ. തീയതി 14.09.2022 |
| 3. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജനസംസ്കൃതി, ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം. 23467/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/ലെജി) | സി1/104/2019-സാം.കാ.വ. തീയതി 07.02.2024 |
| 4. | പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, കൺവീനർ, മുംബൈ മലയാളി സംയുക്ത സമിതി സമർപ്പിച്ച ഹർജി (ഫയൽ നം. 23470/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/ലെജി) | സി1/30/2022/സാം.കാ.വ. തീയതി 01.03.2024 |
| 5. | സമിതി(2016-19)യുടെ ആറാമത് റിപ്പോർട്ട് ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് തുടർനടപടി സംബന്ധിച്ച് (ഫയൽ നം. 16615/എൻ.ആർ.കെ.ഡബ്ല്യു.സി2/2019/ലെജി) | |
| 6. | സമിതി(2021-23)യുടെ ഏഴാമത് റിപ്പോർട്ടിലെ (1.01.2022 മുതൽ 31.12.2023 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) തുടർ നടപടി സംബന്ധിച്ച് (ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യു.സി2/2023/ലെജി) | സി1/32/2024/സാം.കാ.വ. തീയതി 21.03.2024 |

## പൊതുഭരണ(പൊളിറ്റിക്കൽ) വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ന്യൂഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം. 14973/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | 140/പൊളി4/2022/പൊഭവ തീയതി 27.01.2023 |

| | | |
|---|---|---|
| 2. | സമിതി (2016-19)യുടെ നാലാമത് റിപ്പോർട്ട് - (മറുനാടൻ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്)<br>(ഫയൽ നം. 20344/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2018/ലെജി) | |

## റവന്യൂ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | വ്യവസായ സംരംഭത്തിനുവേണ്ടി നിലം മണ്ണിട്ടുയർത്തുന്നതിനുള്ള അനുമതിക്കായി ശ്രീ. വിജയപ്പൻ, ചങ്ങനാശ്ശേരി സമർപ്പിച്ച ഹർജി.<br>(ഫയൽ നം. 14529/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2017/ലെജി) | REV-P1/298/2017-REV<br>തീയതി 05.12.2022 |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. എ. പി. ഇബ്രാഹിം മുഹമ്മദ്, ചെയർമാൻ, കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10055/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | റവന്യൂ-ജി3/341/2022-റവന്യൂ<br>തീയതി 01.09.2022 |

## വ്യവസായ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | വ്യവ-പി.എസ്1/37/2024-വ്യവ<br>തീയതി 19.03.2024 |
| 2. | സമിതി(2021-23)യുടെ 16.11.2023-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 17399/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 3. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹനീഫ മൂന്നിയൂർ, പ്രസിഡന്റ്, പ്രവാസി ലീഗ്, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18944/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | IND-B2/434/2023-IND<br>തീയതി 18.04.2024 |
| 4. | സമിതി(2021-23)യുടെ ഏഴാമത് റിപ്പോർട്ടിലെ (1.01.2022 മുതൽ 31.12.2023 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) തുടർ നടപടി സംബന്ധിച്ച്<br>(ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/ലെജി) | |

## പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ | എം2/267/2020/പൊ.വി.വ. |

| | | |
|---|---|---|
| | ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽ നം. 12812/എൻ.ആർ.കെ.ഡബ്ല്യു.സി1/2014/ലെജി) | തീയതി 04.05.2023 |
| 2. | മലയാളം മിഷൻ നടത്തുന്ന പരിപാടികളുടെ നടത്തിപ്പ് പരീക്ഷാഭവനെ ഏല്പിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് ശ്രീ. ശ്രീനിവാസ്, സെക്രട്ടറി, മലയാളം മിഷൻ സമർപ്പിച്ച ഹർജി (ഫയൽ നം. 14968/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | എസ്.സി1/415/2022/പൊ.വി.വ. തീയതി 12.07.2023 |
| 3. | ഡൽഹിയിൽ വിദ്യാർത്ഥി ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. കെ. മുഹമ്മദ് ഹലീം, ജനറൽ സെക്രട്ടറി, കെ.എം.സി.സി., ഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം. 14972/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | |

## <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്</u>

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | MBBS വിദ്യാർത്ഥികളുടെ തുടർപഠനത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പേരന്റ്സ് അസോസിയേഷൻ ഓഫ് ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ്, തൃശ്ശൂർ സമർപ്പിച്ച ഹർജി (ഫയൽ നം. 5450/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | HEALTH-PS1/68/2024-HEALTH തീയതി 05.04.2024 |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ക്ലബ്, ന്യൂഡൽഹി സമർപ്പിച്ച ഹർജി (ഫയൽ നം. 14973/എൻ.ആർ.കെ.ഡബ്ല്യു.സി1/2022/ലെജി) | സി1/247/2023/ആ.കു.വ തീയതി 18.01.2024 |

## <u>ആഭ്യന്തര വകുപ്പ്</u>

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി (2021-23)യുടെ നാലാമത് റിപ്പോർട്ട് - (ജനറൽ റിപ്പോർട്ട് - 2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) (ഫയൽ നം. 7016/എൻ.ആർ.കെ.ഡബ്ല്യു.സി2/2022/ലെജി) | ജെ2/232/2023/ആഭ്യന്തരം തീയതി 08.06.2023 ഇ 3/153/2023/ആഭ്യന്തരം തീയതി 30.10.2023 |
| 2. | സമിതി (2021-23)യുടെ ഏഴാമത് റിപ്പോർട്ട് 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്. (ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യു.സി2/2023/ലെജി) | പി.എസ്/40/2024/ആഭ്യന്തരം തീയതി 12.02.2024 |

## പിന്നാക്കവിഭാഗവികസന വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ട് - (ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്)<br>(ഫയൽ നം. 16615/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2019/ലെജി) | ബി3/144/2021/പി.പി.വി.വ. തീയതി 23.11.2021. |
| 2. | KSBCDC വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ശ്രീ. യൂസഫ് കുനിയിൽ, വയനാട് സമർപ്പിച്ച ഹർജി.<br>(ഫയൽ നം.19980/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/ലെജി) | |

## ധനകാര്യ വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2021-23)യുടെ 16.11.2023-ലെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 17399/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹനീഫ മൂന്നിയൂർ, പ്രസിഡന്റ്, പ്രവാസി ലീഗ്, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18944/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 3. | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. അബ്ദുൾ മനാഫ്, ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രവാസി റിട്ടേണീസ് അസോസിയേഷൻ, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 10020/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2022/ലെജി) | 25/3984/പി.എ. സി.ബി2/33/2023 തീയതി 24.08.2023 |

## തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 2. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹനീഫ മൂന്നിയൂർ, പ്രസിഡന്റ്, പ്രവാസി ലീഗ്, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18944/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | LBRD-PS/170/2023-LBRD തീയതി 20.12.2023 |

^

**വിനോദസഞ്ചാര വകുപ്പ്**

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സമാജം, ചണ്ഡീഗഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 14967/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2022/ലെജി) | |

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. ഹനീഫ മൂന്നിയൂർ, പ്രസിഡന്റ്, പ്രവാസി ലീഗ്, കോഴിക്കോട് സമർപ്പിച്ച ഹർജി<br>(ഫയൽ നം. 18944/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |
| 2. | സമിതി (2021-23)യുടെ ഏഴാമത് റിപ്പോർട്ട്<br>2022 ജനവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്.<br>(ഫയൽ നം. 12852/എൻ.ആർ.കെ.ഡബ്ല്യൂ.സി2/2023/ലെജി) | |

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പ്**

| ക്രമ നം. | വിഷയവും ഫയൽ നമ്പരും | ഗവ. റഫറൻസ് |
|---|---|---|
| 1. | സമിതി(2021-23)യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച്<br>(ഫയൽ നം. 12771/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2023/ലെജി) | |